9.30 A.M.

മി.സ്പീക്കർ : ചോദ്യോത്തര സമയം നാളെമുതൽ ദൂരദർശൻ കവർ ചെയ്യാൻ വരുന്നുണ്ട്. അതുകൊണ്ട് കൂടുതൽ ആക്ടീവായി കുഴപ്പമാക്കരുത്.

(3) ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : 15.2.99-ൽ നക്ഷത്രചിഹ്നമിടാത്ത 2772-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ പിശക് കടന്നുകൂടിയിരുന്നു. തിരുത്തിയ ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നു.

II. അടിയന്തിര പ്രമേയം

അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിക്കുനേരെയുണ്ടായ ആക്രമണം

മി. സ്പീക്കർ : 23.6.99-ൽ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിക്കു നേർക്ക് നടന്ന ആക്രമണത്തെത്തുടർന്ന് പ്രസ്തുത പ്രദേശത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ചട്ടം 50 അനുസരിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി.ജെ. ജോയി, ശ്രീ. പി.പി. തങ്കച്ചൻ, ശ്രീ. കെ. ബാബു, ശ്രീ. ചെർക്കളം അബ്ദുള്ള, ശ്രീ. മാമ്മൻ മത്തായി, ശ്രീ. ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ ഒരു ശസ്ത്രക്രിയയ്ക്കുവേണ്ടി പ്രവേശിക്കപ്പെട്ട ശ്രീമതി നിർമ്മല അന്തർജനം എന്ന രോഗിക്ക് അടിയന്തിരമായി രക്തം വേണ്ടിവന്നു. രക്തം നൽകുന്നതിന് 23.6.99 രാവിലെ 11 മണിക്ക് അങ്കമാലി സി.പി.എം. ഏര്യാ സെക്രട്ടറി പി.ജെ. വർഗ്ഗീസ് ആശുപത്രിയിൽ എത്തി. സന്ദർശക സമയമല്ലാത്തതിനാൽ സെക്യൂരിറ്റി ജീവനക്കാരൻ, ആശുപത്രിയിൽ പ്രവേശിക്കരുതെന്ന് പറഞ്ഞു. അത്യാസന്ന നിലയിൽ കഴിയുന്ന ഒരു രോഗിക്ക് രക്തം നൽകുന്നതിനാണ് താൻ എത്തിയതെന്ന് അറിയിച്ചതോടെ ഡ്യൂട്ടിയിലുണ്ടായിരുന്ന സെക്യൂരിറ്റി ജീവനക്കാരൻ വർഗ്ഗീസിനെ ആശുപത്രിയ്ക്ക് അകത്തേയ്ക്ക് കടത്തിവിട്ടു. സെക്യൂരിറ്റി ചുമതലക്കാരന്റെ പ്രത്യേക അനുമതി വാങ്ങി രക്തദാനം നടത്തുന്നതിന് ആശുപത്രിക്കകത്തേക്ക് കടന്ന വർഗ്ഗീസിനെ ആശുപത്രി ജീവനക്കാരനായ കുഞ്ഞച്ചന്റെ നേതൃത്വത്തിൽ മുന്നോളം പേർ ചേർന്ന് ആക്രമിച്ചു. ആക്രമണത്തെത്തുടർന്ന് വർഗ്ഗീസ് പരിക്കേറ്റ് നിലത്തുവീണു. തലയ്ക്കും ശരീരഭാഗങ്ങളിലും പരിക്കേറ്റ വർഗ്ഗീസിനെ അങ്കമാലി ഗവൺമെന്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ശസ്ത്രക്രിയയ്ക്കുവേണ്ടി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട രോഗിക്ക് രക്തം നൽകുന്നതിന് എത്തിയ വർഗ്ഗീസിനെ ആക്രമിച്ച വിവരമറിഞ്ഞ് നാട്ടുകാർ ആശുപത്രി പരിസരത്ത് തടിച്ചുകൂടി. സംഭവത്തിൽ പ്രകോപിതരായ ജനക്കൂട്ടത്തിൽനിന്ന് ചിലർ ആശുപത്രിക്കുനേരെ കല്ലെറിയുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തു. ആശുപത്രിക്കുനേരെ അക്രമം നടത്തിയ ജനക്കൂട്ടത്തെ സ്ഥലത്തെത്തിയ പോലീസ്പാർട്ടി പിരിച്ചയച്ചു. പെരുമ്പാവൂർ ഡിവൈ.എസ്.പി. അടക്കം പോലീസുദ്യോഗസ്ഥൻമാർ സ്ഥലത്തെത്തി സ്ഥിതിഗതികൾ നിയന്ത്രണ

LIBRARY ARCHIVES Kerala Legislative Assembly

വിധേയമാക്കി. ആശുപത്രിക്കുനേരെ അക്രമം നടത്തി നാശനഷ്ടം വരുത്തിയതിന് ക്രൈം നമ്പർ 331/99 ആയി അങ്കമാലി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് മേൽനടപടി സ്വീകരിച്ചുവരുന്നു. ആശുപത്രിക്കുനേരെ അതിക്രമം കാണിച്ച കേസ്സിൽ ബിജു വർഗ്ഗീസ്, പി.വി. ജോർജ്, സാബു, സുനിൽ, ജെയിംസ് ആന്റണി, വർഗ്ഗീസ് എന്നീ ഏഴു പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. വർഗ്ഗീസിനെ ദേഹോപദ്രവമേൽപ്പിച്ചതിന് ക്രൈം നം. 330/99 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. ആശുപത്രിയിലുണ്ടായ സംഭവത്തെക്കുറിച്ച് രാഷ്ട്രദീപിക സായാഹ്ന ദിനപത്രത്തിൽ വാർത്ത വന്നതിനെത്തുടർന്ന് പ്രകോപിതരായ ഒരുകൂട്ടം ആളുകൾ അങ്കമാലി ടൗണിലുള്ള ദീപിക ഓഫീസിനുനേരെ ആക്രമിച്ച് നാശനഷ്ടം വരുത്തിയ സംഭവവും ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് ക്രൈം 332/99-ാം നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പത്രമാഫീസിനു നേരെ അക്രമം നടത്തിയ സംഭവത്തിലെ പ്രതികളായ ഷിബു, സുരാജ് എന്നിവരെ അങ്കമാലി സി.ഐ. അറസ്റ്റുചെയ്തിട്ടുണ്ട്. തികച്ചും ദൗർഭാഗ്യകരമായ സംഭവമാണ് അങ്കമാലിയിൽ ഇന്നലെ ഉണ്ടായത്. ശസ്ത്രക്രിയയ്ക്ക് വിധേയയാകുന്ന രോഗിക്ക് രക്തം കൊടുക്കാൻ വന്ന വർഗ്ഗീസിനെ ആക്രമിച്ചതും ആശുപത്രിക്കുനേരെ അക്രമം നടത്തിയതും പത്രമാഫീസ് ആക്രമിക്കപ്പെട്ടതും തികച്ചും അപലപനീയമാണ്. അക്രമം നടത്തുന്നവർക്കെതിരായി മുഖം നോക്കാതെ സർക്കാർ നടപടി സ്വീകരിക്കും. അങ്കമാലിയിലുണ്ടായ സംഭവത്തിൽ ശക്തമായ നടപടി സ്വീകരിക്കുവാൻ എറണാകുളം റൂറൽ എസ്.പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലത്ത് ഇപ്പോൾ സ്ഥിതിഗതികൾ ശാന്തമാണ്. ജില്ലാ പോലീസ് സൂപ്രണ്ട് ഉൾപ്പെടെ ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാർ സ്ഥലത്തെത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. പി.ജെ. ജോയി</u> : സർ, അങ്കമാലിയിലെ ലിറ്റിൽ ഫ്ളവർ ആശുപത്രിക്കുനേരെ നടന്ന ആക്രമണത്തെത്തുടർന്ന് അങ്കമാലിയിലും പരിസര പ്രദേശത്തും സംജാതമായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ അടിയന്തിരപ്രമേയം ഇവിടെ കൊണ്ടുവന്നത്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സാധാരണ അദ്ദേഹത്തിന്റെ പതിവ് ഭാഷയിൽ പോലീസ് ഉദ്യോഗസ്ഥൻ നൽകിയ മറുപടിയാണ് വായിച്ചത്. എന്നാൽ സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിക്കണമെന്നാണ് എനിക്ക് ആദ്യമായി പറയുവാനുള്ളത്. വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് അവിടെ ഉണ്ടായത്. ഇന്നലെ പോലീസ് വകുപ്പിലേക്കുള്ള ചർച്ച നടക്കുന്ന സന്ദർഭത്തിലാണ് അങ്കമാലിയിൽ ഈ അക്രമസംഭവം നടന്നത്. അവിടത്തെ സി.പി.എം. ഏരിയാ സെക്രട്ടറിയായ പി.ജെ. വർഗ്ഗീസിനെ അവിടെ ഉള്ളവർക്കാർക്കും പരിചയമില്ല. അവിടത്തെ ഏരിയാ സെക്രട്ടറിയെ മാറ്റി ഈയിടയ്ക്ക് നോമിനേറ്റ് ചെയ്ത ആളാണദ്ദേഹം. അദ്ദേഹം ആ പ്രദേശത്തുകാരനല്ല. ബഹുമാനപ്പെട്ട ശർമ്മയുടെ മണ്ഡലത്തിലുള്ള പാറക്കടവ് പ്രദേശത്തുള്ള ആളാണ് അദ്ദേഹം. അദ്ദേഹം ഏരിയാ സെക്രട്ടറിയാണെന്ന് ഒരുപക്ഷെ ആശുപത്രിയിൽ ചെന്നപ്പോൾ ആശുപത്രി ജീവനക്കാർക്ക് അറിയില്ല. ഇത് വളരെ ആസൂത്രിതമായി നടന്ന ഒരു സംഭവമാണ്. അവിടെ സി.പി.എം. ന്റെ നേതാവായ സ്റ്റേറ്റ് കമ്മിറ്റി മെമ്പർ ശ്രീ. ജോസഫൈന്റെ നേതൃത്വത്തിൽ എൽ.എഫ്. ആശുപത്രിയിൽ ഒരു യൂണിയനുണ്ടാക്കി. എന്നാൽ ആ യൂണിയന് അംഗീകാരം കൊടുത്തിട്ടില്ല. ഈ സംഭവത്തിന്റെ പേരിലാണ് പ്രശ്നങ്ങളുണ്ടായത്. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി പറയുന്നത് പി.ജെ. വർഗ്ഗീസ് രക്തം കൊടുക്കാൻ ചെന്നതാണെന്നാണ്. എന്നാൽ രക്തം കൊടുക്കേണ്ടത് ഒ.പി. ബ്ലോക്കിലാണ്. അവിടെ രക്തം കൊടുക്കുന്ന സംവിധാനം അങ്ങനെയാണ്. ഒ.പി. യിൽ അകത്തുകടക്കാൻ പാസ് ആവശ്യമില്ല. മനഃപൂർവ്വം പ്രശ്നങ്ങളുണ്ടാക്കാൻവേണ്ടി പി.ജെ. വർഗ്ഗീസ് സെക്യൂരിറ്റിയെ മറികടക്കാൻ ശ്രമിക്കുകയായിരുന്നു. പത്തര മണി മുതൽ 12 മണി വരെ സന്ദർശകരെ നിരോധിച്ചിരുന്നു. ഒരുപാട് സന്ദർശകർ അവിടെ കാത്തുനിന്നിരുന്നു. ആ സന്ദർഭത്തിലാണ് കുഞ്ഞച്ചൻ എന്നുപറയുന്ന ആൾ അവിടെ എത്തിയത്. അയാൾ ആ ആശുപത്രിയിലെ മാർക്സിസ്റ്റ് പാർട്ടിയുടെ ഒരു പ്രവർത്തകനാണ്. കടത്തിവിടാത്തതിനെ സംബന്ധിച്ച് അവർക്കിടയിൽ വാക്കുതർക്കമുണ്ടായി. അവരുടെ പാർട്ടിയിലെ ആഭ്യന്തര പ്രശ്നമാണോ എന്ന് എനിക്കറിയില്ല. അദ്ദേഹവുമായി ഉന്തും തള്ളും നടന്നു. വർഗ്ഗീസിന്റെ തല ചുമരിൽ ഇടിച്ചു എന്നുപറഞ്ഞു. അങ്ങനെയാണെങ്കിൽ ഉത്തരവാദപ്പെട്ട ആൾക്കാരെ കാര്യം അറിയിക്കണം. ആയിരത്തോളം കിടക്കകളുള്ള കണ്ണിന്റെ ചികിത്സയ്ക്ക് ഏറ്റവും മുൻഗണനയിൽ നിൽക്കുന്ന ദക്ഷിണേന്ത്യയിലെ ഒരു ആശുപത്രിയാണ് അത്. ആശുപത്രിയിൽ ചില നടപടിക്രമങ്ങളുണ്ട് എന്ന് അറിഞ്ഞുകൊണ്ട് മനഃപൂർവ്വമായി നടത്തിയ ഒരു കടന്നാക്രമണമാണ് അവിടെയുണ്ടായത്. സി.പി.എം. സ്റ്റേറ്റ് കമ്മിറ്റി മെമ്പറും വനിതാ വികസന കോർപ്പറേഷന്റെ ചെയർപേഴ്സണുമായ ശ്രീമതി ജോസഫൈൻ അപ്പോൾ അവിടെ വന്നു. കാണിച്ചുതരാം എന്നുപറഞ്ഞുകൊണ്ടാണ് അവർ അവിടെനിന്നും ഇറങ്ങിപ്പോയത്. അവിടെനിന്നും പോയി നിമിഷങ്ങൾക്കകം നൂറോളം പേർ സംഘടിച്ച് അവിടെ വന്നു. അതാണ് ഞാൻ പറഞ്ഞത് ആസൂത്രിതമാണെന്ന്. ആ നൂറോളം പേർ അവിടെവന്ന് അക്രമം നടത്തി. ആശുപത്രിയിലെ റിസപ്ഷനിലുള്ള എല്ലാ മുറികളിലുമുള്ള ജനലുകളും അടിച്ചുതകർത്തു. മേശകളൊക്കെ വലിച്ചെറിഞ്ഞു പൊട്ടിച്ചു. ഇന്ന് മലയാള മനോരമ പത്രത്തിലും ദീപിക പത്രത്തിലും മാതൃഭൂമി പത്രത്തിലും എല്ലാ പത്രങ്ങളിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുകഴിഞ്ഞ് അവിടെ ഇരുന്ന് ബൈബിൾ ..... ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഇന്നലെ വലിയ ന്യൂനപക്ഷപ്രേമം പ്രസംഗിച്ചല്ലോ. ബൈബിൾ കത്തിച്ചതിനെതിരെ എസ്.എഫ്.ഐക്കാർ, മാർക്സിസ്റ്റുകാർ, ഡി.വൈ.എഫ്.ഐ.കാർ പ്രതിഷേധിച്ചു എന്നു പറഞ്ഞു. ആ എൽ.എഫ് ആശുപത്രിയിൽ എല്ലാ ഭാഗങ്ങളിലും ബൈബിൾ തുറന്നുവച്ചിരുന്നു. ആ ബൈബിളെടുത്ത് വലിച്ചെറിഞ്ഞുകളഞ്ഞു. ന്യൂനപക്ഷ വികാരങ്ങളെ വ്രണപ്പെടുത്തുന്ന നടപടി. ആ ബൈബിളിരുന്ന സ്റ്റാന്റ് തകർത്തു. സ്കാൻ മുറിയിൽ കയറി തകർത്തു. പോലീസ് വന്നു. അത്യന്തം നിർഭാഗ്യകരമായ സംഭവം അവിടെയാണ്. അങ്ങ് ഭരിക്കുന്ന ഈ സന്ദർഭത്തിൽ ..... ഇവിടെ ഇന്നലെ പോലീസ് വകുപ്പിലേക്കുള്ള ധനാഭ്യർത്ഥന ചർച്ചയിലേക്ക് പങ്കെടുക്കുന്ന സന്ദർഭത്തിൽ ..... പോലീസ് നോക്കിനിൽക്കെ 4 മണിക്കൂർ സമയം ..... ഒന്നു കേൾക്കൂ ജോർജേ.. ജോർജേ ഇത് അംഗീകരിക്കുന്നുണ്ടോ എന്ന് ഞങ്ങൾക്ക് അറിയണം. കന്യാസ്ത്രീകളേയും ഡോക്ടർമാരേയും വൈദികൻമാരെയും അസഭ്യം പറഞ്ഞ് അവരെ അവിടെനിന്നും ഓടിച്ചു. രോഗികളെ ഓടിച്ചു. രോഗികൾ ഓടിപ്പോയി. വളരെ ഗുരുതരമായ സ്ഥിതിയാണ്. ജോർജ് പോകണം. നിങ്ങളുടെ എല്ലാ നേതാക്കൾക്കും അരമനയിൽനിന്നും ടെലഗ്രാം മെസേജും ടെലഫോൺ മെസേജും തന്നിട്ടുണ്ട്. നിങ്ങൾ അവിടെ പോയി നോക്കണം. ശ്രീ. ജോർജ് പോയി നോക്കണം. ജോർജ് ഇവിടെ കിടന്ന് ആക്രോശിക്കരുത്. വളരെ ഗുരുതരമായ നിലയിൽ നടത്തിയ ആക്രമണം. അതുകഴിഞ്ഞ് പോലീസ് വന്നു.

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് വന്നപ്പോൾ ഉണ്ടായ സംഭവം എന്താണ്? പോലീസ് വന്ന് നോക്കിനിൽക്കുമ്പോഴാണ് 2-ാം നിലയിൽ കയറി ആക്രമണം നടത്തിയത്. 2-ാം നിലയിലെ മുഴുവൻ ഗ്ലാസ്സുകളും തല്ലിയുടച്ചു. സ്കാൻ സെന്ററിൽ കയറി തല്ലിത്തകർത്തു. അതിനെക്കാളുപരി ആയിരത്തോളം ബെഡ്ഡുകൾ ഉള്ള ഒരു ആശുപത്രിയിൽ ശുദ്ധജലവിതരണം തടസ്സപ്പെടുത്തിയാൽ ഉണ്ടാകുന്ന അതീവ ഗുരുതരമായ പ്രശ്നം. ആ പൈപ്പുകളൊക്കെ തകർത്തുകളഞ്ഞു. തല്ലിത്തകർത്ത് വളരെ ഗുരുതരമായ ഒരു സാഹചര്യം അവിടെയുണ്ടാക്കി. 4 മണിക്കൂർ നേരം ഡി.വൈ.എസ്.പി, പോലീസ് സർക്കിൾ ഇൻസ്പെക്ടർ, പോലീസുകാർ നോക്കിനിൽക്കെ അതിഭീകരമായ വിളയാട്ടം നടത്തി. അതാണ് ഏറ്റവും ഗുരുതരമായ കാര്യം. വേലി വിളവു തിന്നുകയാണ്. കുറും തോട്ടിക്ക് വാതം പിടിച്ചാൽ ഒന്നും ചെയ്യാനൊക്കില്ല. ആ നിലയിലുള്ള ഗുരുതരമായ സ്ഥിതിയാണവിടെ. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയല്ല. ദീപിക ഓഫീസിൽ കയറി ആക്രമിച്ചു. ദീപികയിലെ സബ് എഡിറ്റർ ആയിരുന്ന ജോയി മാടശ്ശേരിയെ തല്ലി ഓടിച്ചു. അദ്ദേഹം കെ.ജി. ആശുപത്രിയിൽ ചികിത്സയിലാണ്. ഇന്ന് ആശുപത്രി പൂട്ടിക്കിടക്കുകയാണ്. ഇന്ന് ആ പ്രദേശത്ത് ഹർത്താൽ ആഹ്വാനം ചെയ്തിരിക്കുകയാണ്. വളരെ ഗുരുതരമായ സ്ഥിതിവിശേഷം. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കട്ടെ. അങ്ങു പറഞ്ഞല്ലോ ഈ രാജ്യത്തെ മുഴുവൻ ന്യൂനപക്ഷങ്ങളെയും സംരക്ഷിക്കാൻ ഞങ്ങൾ മാത്രമേയുള്ളൂ, മാർക്സിസ്റ്റ് പാർട്ടി മാത്രമേയുള്ളൂ എന്ന്. പക്ഷെ യഥാർത്ഥത്തിൽ നടന്നിരിക്കുന്നത് സെന്റ് തോമസ് കോളേജ്, അതുപോലെ ചങ്ങനാശ്ശേരിയിലെ സെന്റ് ബർക്കുമാൻസ് കോളേജ്, ഇവിടെ ഹോളി ഏഞ്ചൽസ് സ്കൂൾ ഇങ്ങനെ ക്രിസ്ത്യൻ സ്ഥാപനങ്ങളെ തെരഞ്ഞുപിടിച്ച് ആക്രമിക്കുന്ന ഗുരുതരമായ സ്ഥിതി ഒന്നിനൊന്നായി കണ്ടുകൊണ്ടിരിക്കുകയാണ്. ആ ഗുരുതരമായ സ്ഥിതിയെ നമുക്ക് കൈയും കെട്ടി നോക്കിയിരിക്കാൻ കഴിയില്ല. ഇത് വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ്. പോലീസിന്റെ നിഷ്ക്രിയത്വം ബഹുമാനപ്പെട്ട മുഖ്യമന്ത്രി**** അങ്ങേയ്ക്ക് എന്തും പറയാം എന്നുള്ള നിലപാട് എടുത്താൽ ഏത് ഉദ്യോഗസ്ഥന്മാർ അംഗീകരിക്കും? ഒരു ഉദ്യോഗസ്ഥൻമാരും അംഗീകരിക്കില്ല. അതാണ് സ്ഥിതി. പോലീസ് അവിടെ നോക്കിനിൽക്കുന്നു. അവിടെയുള്ള ആളുകൾ മുഴുവൻ ഭയപ്പെട്ടിരിക്കുന്നു. ..... (ബഹളം) ..... ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. ..... (ബഹളം) .....

<u>മി. സ്പീക്കർ</u> : ശ്രീ. പി.ജെ. ജോയിയുടെ പ്രസംഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംബന്ധിച്ച് പരാമർശിച്ച കാര്യം രേഖയിൽനിന്നും നീക്കം ചെയ്യുന്നു. ..... (ബഹളം) .....

<u>ശ്രീ. പി.ജെ. ജോയി</u> : സർ, ഇവിടെ ഞാൻ പലതരത്തിലുള്ള വിഷമങ്ങൾ, ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾകൊണ്ട് വളരെ നിഷ്ക്രീയമായ മനോഭാവം ഉണ്ട് എന്നുപറയാൻവേണ്ടി പറഞ്ഞതാണ്. അങ്ങനെ**** എന്നുപറഞ്ഞത് ആർക്കെങ്കിലും ഇഷ്ടക്കേടായി തോന്നിയെങ്കിൽ ഞാൻ അത് പിൻവലിച്ചിരിക്കുന്നു.

**** നീക്കം ചെയ്തു.

**** നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ഒഴിവാക്കേണ്ട സംഭവങ്ങളാണ് ഇന്നലെ അങ്കമാലിയിൽ ഉണ്ടായത്. രാഷ്ട്രീയഭേദമെന്യേ 3 സംഭവങ്ങളേയും അപലപിക്കേണ്ടതാണ്. അതിൽനിന്നും രാഷ്ട്രീയ മുതലെടുപ്പ് നടത്താനാണ് യു.ഡി.എഫ് ശ്രമിക്കുന്നത്. ബൈബിൾ നശിപ്പിച്ചു എന്ന് പ്രചരിപ്പിക്കുന്നത് ദുരുദ്ദേശത്തോടെയാണ്. സത്യവിരുദ്ധമായ കാര്യങ്ങളാണ് സംഭവത്തോടനുബന്ധിച്ച് പ്രതിപക്ഷം പ്രചരിപ്പിക്കുന്നത്. സംഭവങ്ങളിൽ ഉൾപ്പെട്ടവർ തമ്മിൽ യാതൊരുവിധ മതവൈരവും ഇല്ല. ബൈബിളിന്റെ പേരു പറഞ്ഞ് മതവികാരം ദുർവിനിയോഗിക്കാനാണ് പ്രതിപക്ഷ ശ്രമം. അത് വിലപ്പോവില്ല. സംഭവത്തിൽ ശക്തമായ നടപടിതന്നെ പോലീസ് സ്വീകരിച്ചിട്ടുണ്ട്. അക്രമികൾ ആരായാലും മുഖംനോക്കാതെ നടപടി സ്വീകരിക്കും. സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ഒരു ആവശ്യവും ഇല്ല. ബൈബിളിന്റെ പേരുപറഞ്ഞ് തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയും വേണ്ട.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

ശ്രീ. എ.കെ. ആന്റണി : സർ, തികച്ചും പ്രതിഷേധാർഹവും സംഭവിച്ചുകൂടാത്തതുമായ സംഭവത്തെക്കുറിച്ച് അടിയന്തിര പ്രമേയം ഉന്നയിച്ചതിനുള്ള മുഖ്യമന്ത്രിയുടെ മറുപടി തികച്ചും നിരാശാജനകമാണ്. അദ്ദേഹം ഈ പ്രശ്നത്തെ വളരെ ലാഘവബുദ്ധിയോടുകൂടിയാണ് കാണുന്നത്. അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയെക്കുറിച്ച് കേരളത്തിൽ കേൾക്കാത്തവർ വളരെ ചുരുക്കമാണ്. വർഷംതോറും പതിനായിരക്കണക്കിന് നേത്ര രോഗികൾക്ക് ഏറ്റവും കുറഞ്ഞ നിരക്കിലും പലപ്പോഴും സൗജന്യമായും ചികിത്സ നൽകുന്ന കേരളത്തിലെ ഏറ്റവും സൽപേര് സമ്പാദിച്ച ഒരു ആതുര ശുശ്രൂഷാ കേന്ദ്രമാണ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രി. അവിടെ ഇവിടെ വിവരിച്ചതുപോലെ ഇന്നത്തെ വാർത്താ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തിയതുപോലുള്ള ഒരു സംഭവമുണ്ടായിട്ട് ആ സംഭവത്തെക്കുറിച്ച് ഗവൺമെന്റ് ഇത്ര ലാഘവബുദ്ധിയോടുകൂടി കൈകാര്യം ചെയ്യുന്നത് വളരെ നിർഭാഗ്യകരമാണ്. അവിടെ ഈ സംഭവങ്ങളെല്ലാം ഉണ്ടായത് പോലീസ് നോക്കിനിൽക്കെയാണ്. പെരുമ്പാവൂർ ഡിവൈ.എസ്.പി. ഉൾപ്പെടെയുള്ള പോലീസുദ്യോഗസ്ഥൻമാർ അവിടെ നോക്കിനിൽക്കെ, മണിക്കൂറുകളോളം ഒരു സംഘം മാർക്സിസ്റ്റ് പ്രവർത്തകൻമാർ അവിടെ അഴിഞ്ഞാട്ടം നടത്തി. പോലീസ് കാഴ്ചക്കാരായി നിന്നു. ഇത് കേരളത്തിൽ ഇന്ന് പല ഭാഗത്തും നിത്യേന നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളുടെ ഒരു ആവർത്തനം മാത്രമാണ്. അവിടെ സന്ദർശനസമയത്തല്ലാതെ കടന്നുചെന്ന വ്യക്തിക്ക്, അദ്ദേഹം ആരുമാകട്ടെ, അതിനെക്കുറിച്ച് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് മറ്റു മാർഗ്ഗങ്ങളില്ലേ? ആ ആശുപത്രിയിൽത്തന്നെ മേലധികാരികളോട് പരാതിപ്പെടാൻ സാദ്ധ്യമല്ലേ? അവിടെ സെക്യൂരിറ്റി ജീവനക്കാരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽത്തന്നെ അതിനെക്കുറിച്ച് ആശുപത്രി അധികൃതരോട് പറഞ്ഞുകൂടേ? അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുടെ സേവനത്തിന്റെ ഗുണങ്ങൾ അനുഭവിച്ചിട്ടുള്ള എത്രയോ മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാർ കേരളത്തിലൊട്ടാകെയുണ്ട്. നിങ്ങൾക്കൊക്കെ ഈ ആശുപത്രിയെക്കുറിച്ച് നല്ല അഭിപ്രായമല്ലേയുള്ളത്? അങ്ങനെ കേരളത്തിൽ കക്ഷിവ്യത്യാസമില്ലാത്ത ജാതിമതവ്യത്യാസമില്ലാത്ത, നേത്രരോഗികൾക്കെല്ലാം ആശ്വാസം നൽകുന്ന, ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ ഏതെങ്കിലും സെക്യൂരിറ്റി ജീവനക്കാരന്റെ ഭാഗത്തുനിന്നും

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും അപാകതയുണ്ടെങ്കിൽ അതിനു പരിഹാരമുണ്ടാക്കാൻ നിങ്ങൾക്ക് ആശുപത്രി അധികൃതരെ സമീപിച്ചുകൂടായിരുന്നോ? ഡോക്ടർമാരെ സമീപിച്ചുകൂടായിരുന്നോ? ആശുപത്രി നടത്തിപ്പുകാരെ സമീപിച്ചുകൂടായിരുന്നോ? ഇല്ലെങ്കിൽ പോലീസിൽ പരാതിപ്പെട്ടുകൂടായിരുന്നോ? നേരെ തൊട്ടടുത്തല്ലേ പോലീസ്സ്റ്റേഷൻ? അവിടെ പരാതിപ്പെട്ടുകൂടായിരുന്നോ? അതിനുപകരം ഒരു സംഘം അക്രമികളുമായി അവിടെയെത്തി കണക്കുതീർക്കുന്ന ഈ സംസ്കാരം കേരളത്തിൽ വളർത്തുന്നത് നല്ലതാണോ? ഇത് ഈ കേരളത്തിൽ വളർന്നുവരുന്ന കണക്കുതീർക്കൽ സംസ്കാരത്തിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്. നാട്ടകം ഗസ്റ്റ് ഹൗസിലുണ്ടായത് ഇതാണ്. ഇതുപോലെ കേരളത്തിന്റെ പല ഭാഗത്തുമുണ്ടായി. മാർക്സിസ്റ്റ് പാർട്ടിയിലെ ഏതെങ്കിലും പ്രവർത്തകന് ഏതെങ്കിലും സന്ദർഭത്തിൽ ഇഷ്ടക്കേടുണ്ടായാൽ ഉടൻ പുറത്തുപോയി ജീപ്പിലും കാറിലും കാൽനടയിലുമായി അക്രമികളുമായി കടന്നുവന്ന് കണക്കു തീർക്കുന്ന ഈ സംസ്കാരം കേരളത്തിൽ വച്ചുപൊറുപ്പിക്കാൻ സാദ്ധ്യമല്ല. ഇത് അവസാനിപ്പിക്കേണ്ട കാലമായിരിക്കുന്നു. നിയമംതെറ്റി ആരെങ്കിലും അക്രമം കാണിച്ചാൽ, തെറ്റുകാണിച്ചാൽ നിയമവാഴ്ചയുള്ള സംസ്ഥാനത്ത് അതിനെതിരെ നടപടിയെടുക്കേണ്ടത് പോലീസാണ്, കോടതിയാണ്. പോലീസിന്റേയും കോടതിയുടേയും അധികാരങ്ങൾ സഖാക്കൾ ഏറ്റെടുത്താൽ കേരളത്തിലെ ജനങ്ങൾ അതിനെതിരായി ശക്തിയായി പ്രതികരിക്കും. ഈ സംഭവങ്ങൾ അങ്ങ് ലഘുവായി കാണരുത്. ഈ ഗവൺമെന്റിന്റെ ഒരു സംഘത്തെ അങ്ങോട്ടയയ്ക്കൂ. ഇല്ലെങ്കിൽ അസംബ്ലിയിലെ ഒരു പൊതുസംഘത്തെ അങ്ങോട്ടയയ്ക്കൂ. അവിടെ എന്തു നടന്നുവെന്ന് പരിശോധിക്കൂ. ആ സംഭവം റിപ്പോർട്ടു ചെയ്ത രാഷ്ട്ര ദീപിക ..... ഈ രാജ്യത്ത് നടന്നുകൂടാത്ത സംഭവങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അതു റിപ്പോർട്ടുചെയ്യാൻ വാർത്താമാധ്യമങ്ങൾക്ക് അധികാരമില്ലേ. അത് അവരുടെ കടമയല്ലേ? ആവിഷ്കാരസ്വാതന്ത്ര്യത്തെക്കുറിച്ചും അതുപോലെ പത്രസ്വാതന്ത്ര്യത്തെക്കുറിച്ചും വാതോരാതെ പ്രസംഗിക്കുന്നവരല്ലേ? ഈ സംഭവം റിപ്പോർട്ടു ചെയ്തതിന്റെ പേരിൽ അങ്കമാലി രാഷ്ട്രദീപിക ഓഫീസ് ആക്രമിക്കുകയാണ്, ലേഖകനെ മർദ്ദിക്കുകയാണ്. ഇത് എന്തു സംസ്കാരമാണ്. മാർക്സിസ്റ്റ് പാർട്ടിയ്ക്കകത്ത് വളർന്നുവരുന്ന ഈ സംസ്കാരം നിങ്ങൾ തടയണം.

അതുപോലെ പല തരത്തിലുള്ള തെറ്റായ നടപടികളുവിടെയുണ്ടായി. ഇതിനെക്കുറിച്ച് ഒരു വാക്ക്, ഒരു ഖേദപ്രകടനം അങ്ങയുടെ രണ്ടു പ്രാവശ്യത്തെ വിശദീകരണത്തിലും ഉണ്ടാകാതെപോയി. ഇവിടെ വടക്കേ ഇന്ത്യയിൽ പലതും നടന്നുവെന്ന് പറഞ്ഞുകൊണ്ട് അസംബ്ലിയ്ക്കകത്ത് ദിവസവും പ്രസംഗിക്കുന്ന നിങ്ങൾ, നിങ്ങളുടെ സഖാക്കളിൽനിന്ന് ഇങ്ങനെയൊരു വീഴ്ചയുണ്ടായിട്ട് ഇത് തെറ്റായിപ്പോയെന്ന് ഒരു വാക്കു പറയാനെങ്കിലും തയ്യാറായോ? അതിനെക്കുറിച്ച് നടപടിയെടുക്കാൻ തയ്യാറായോ? മാത്രമല്ല ഈ സംസ്ഥാനത്ത് അങ്ങയുടെ നേതൃത്വത്തിൽ ഒരു പുതിയ കീഴ്വഴക്കം ഉണ്ടാക്കി. ബേപ്പൂരിൽ ആർ.എസ്.എസ്. മാർക്സിസ്റ്റ് സംഘട്ടനം ഉണ്ടായി എന്നതിന്റെ പേരിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ഈ രാജ്യത്തിലെ പാവപ്പെട്ട അവശരായ, സാധുക്കളായ രോഗികൾക്ക് ആശ്വാസം നൽകാൻവേണ്ടി നീക്കിവച്ച തുകയിൽനിന്നും ലക്ഷക്കണക്കിന് രൂപ മാർക്സിസ്റ്റ് പ്രവർത്തകൻമാർക്ക് ഔദാര്യപൂർവ്വം നൽകി. ഞാൻ അതിന്റെ ശരിതെറ്റിലേയ്ക്ക് കടക്കുന്നില്ല. അങ്ങനെ ഔദാര്യപൂർവ്വം ബേപ്പൂരിലെ മാർക്സിസ്റ്റ് പ്രവർത്തകർക്ക് നൽകാൻ തയ്യാറായ അങ്ങ് മാർക്സിസ്റ്റ് അക്രമ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ ഫലമായി നാശനഷ്ടമുണ്ടായ കേരളത്തിലെ ഏറ്റവും പേരുകേട്ട ആതുരാ ശുശ്രൂഷാകേന്ദ്രമായ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലു ണ്ടായ നാശനഷ്ടങ്ങൾക്ക് ഈ ഗവൺമെന്റുവക നഷ്ടപരിഹാരം നൽകണം. അല്ലെങ്കിൽ മാർക്സിസ്റ്റ് പാർട്ടിയെക്കൊണ്ട് നഷ്ടപരിഹാരം നൽകിക്കണം.

എന്തായാലും ഈയുണ്ടായത് ഏറ്റവും നിർഭാഗ്യകരമായിപ്പോയി. ഈ സംഭവത്തെക്കുറിച്ചുള്ള ഗവൺമെന്റിന്റെ പ്രതികരണം തന്നെ ഏറ്റവും പ്രതിഷേധാർഹമാണ്. ഇതിനെതിരായി അങ്കമാലിയിലെ ജനങ്ങൾ ഹർത്താ ലാചരിക്കുകയാണ്. ഗവൺമെന്റിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. എ.കെ. ആന്റണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗ ങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : അങ്കമാലി എൽ.എഫ്. ആശുപത്രിയി ലുണ്ടായ സംഭവം വളരെ നിർഭാഗ്യകരമായിപ്പോയി. ഘോരമായ യുദ്ധം നട ക്കുമ്പോൾപോലും ആശുപത്രിക്കുനേരെ ബോംബിടാൻ പാടില്ലെന്നാണ് നിയ മം. അതുകൊണ്ടുതന്നെ ഈ അക്രമികളെ ഗവൺമെന്റ് ഡിസ്ഓൺ ചെയ്യേ ണ്ടതായിരുന്നു എന്നുള്ളതാണ് എന്റെ അഭിപ്രായം. നൂറുശതമാനവും ഡിസ്ഓൺ ചെയ്തില്ലെങ്കിൽ ഇതിലൊക്കെ ഓരോ ന്യായവും കാണുകയും വീണ്ടും വീണ്ടും ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയും ചെയ്യും. അതു കൊണ്ട് ഇവിടെയുണ്ടായ സംഭവം വളരെ നിർഭാഗ്യകരമാണ്. അതിനെ നൂറു ശതമാനം ഡിസ്ഓൺ ചെയ്തുകൊണ്ട് ലിറ്റിൽ ഫ്ളവർ ആശുപത്രിയെ പ്പോലെ പ്രശസ്തമായ ആശുപത്രിയെ ..... ഇപ്പോൾ അവിടെ ചെന്ന യാൾ ന്യായമായ കാര്യത്തിന്, നല്ല കാര്യത്തിനൊക്കെ ചെന്നതായിരിക്കാം. അവിടെയുണ്ടായത് അടിച്ചുതകർക്കലാണ്. അത് ആരു ചെയ്താലും ന്യായീ കരിക്കാൻ വയ്യ. അത് നിയമം കൈയിലെടുക്കലാണ്. ഇതുപോലുള്ള ഒരു ആശുപത്രി! ഞാൻ നേരത്തെ പറഞ്ഞതുപോലെ യുദ്ധമുണ്ടാകുമ്പോൾ പോലും ആശുപത്രിയെ ഒഴിവാക്കും. നിയമം കൈയിലെടുത്തുകൊണ്ട് ആശു പത്രി അടിച്ചുതകർക്കുക, പിന്നെ അത് റിപ്പോർട്ടുചെയ്ത പത്രത്തിനുനേരെ അക്രമം നടത്തുക എന്നുള്ളതൊന്നും ന്യായീകരിക്കാൻ വയ്യ. അതൊക്കെ നോക്കാനാണ് ഇവിടെ പോലീസ്. അതുകൊണ്ട് അവിടെ എന്തെങ്കിലും കാര്യ മായി ഉണ്ടായിട്ടുണ്ടെങ്കിൽ അതിനൊക്കെ വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഇതിനെ നൂറുശതമാനവും ഡിസ്ഓൺ ചെയ്യു കയും ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങളുണ്ടാകാതിരിക്കുന്നതിനുള്ള നിലപാടെടു ക്കുകയുമാണ് വേണ്ടത്. അതല്ലെങ്കിൽ ഇതാവർത്തിച്ചുകൊണ്ടിരിക്കും. അതു കൊണ്ട് ഇത്ര പ്രശസ്തമായ നല്ല രീതിയിൽ നടക്കുന്ന, കേരളത്തിനുപുറത്ത് അറിയപ്പെടുന്ന, ഈ ആശുപത്രിയിലുണ്ടായ ഈ സംഭവം അങ്ങേയറ്റം പ്രതി ഷേധാർഹമാണ്. അങ്ങേയറ്റം ഖേദകരമാണ്. അത് ചർച്ചചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, ഇന്നലെ പോലീസ് വകുപ്പിനെക്കു റിച്ചുള്ള ഡിമാന്റ് ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രഖ്യാ പിച്ചതൊക്കെ ഇപ്പോഴും അന്തരീക്ഷത്തിൽ ഇങ്ങനെ വിൺമാർഗ്ഗത്തിൽ നടക്കുന്നതുപോലെ നടക്കുന്നതേയുള്ളു. വായുവുമായി ലയിക്കാൻപോലും

LIBRARY ARCHIVES Kerala Legislative Assembly

സമയമായിട്ടില്ല. ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ ഞങ്ങളല്ലാതെ മറ്റാരുണ്ടെന്ന് ഇവിടെ അദ്ദേഹം ഉദ്ഘോഷിച്ചപ്പോൾ പരമാർത്ഥത്തിൽ ഉള്ളിൽ അപ്പഴേ ഞങ്ങൾക്ക് പുഞ്ചിരിയായിരുന്നു. അദ്ദേഹം പറയുന്നതും ലോകത്ത് നടക്കുന്നതും കേരളീയർ അനുഭവിക്കുന്നതും എല്ലാം വ്യത്യസ്തമാണ്. അങ്ങനെ ന്യൂനപക്ഷക്കാരെ സഹായിക്കുന്ന ഒരു മുഖ്യമന്ത്രിയുടെ സംസാരങ്ങൾ കെട്ടടങ്ങുന്നതിനുമുമ്പ് ഒരു ന്യൂനപക്ഷ സംരക്ഷണം അങ്കമാലിയിൽ നടന്നു. അങ്കമാലി ലിറ്റിൽഫ്ളവർ ആശുപത്രിയെപ്പറ്റി കേരളത്തിൽ കേൾക്കാത്തവരാരുമില്ല. എല്ലാ ചികിത്സകളുമുണ്ടെങ്കിലും കണ്ണിന്റെ ചികിത്സയ്ക്ക് പ്രത്യേകമായി പേരുകേട്ട പ്രശസ്തിയാർജ്ജിച്ച ആ ആശുപത്രിയെ ഒരു ദേവാലയത്തെപ്പോലെയാണ് അതിലേ നടന്നുപോകുന്ന ആളുകൾ കാണുന്നത്. അങ്ങനെയുള്ള ഒരു ആശുപത്രിയിൽ ഇന്നലെയുണ്ടായ സംഭവം! അതിനിപ്പോൾ കെട്ടിച്ചമച്ച ഒരു കഥ! അവിടെ രക്തം കൊടുക്കാൻ ചെന്നതാണുപോലും! രക്തം കൊടുക്കാൻ ചെല്ലുന്ന ആളെ അവിടത്തെ ആശുപത്രിയിലെ ജീവനക്കാർക്ക് നേരത്തെതന്നെ അറിയാമായിരിക്കും. ആ ആളിനെ വിളിച്ചുവരുത്തി, രക്തം പരിശോധിച്ച് അത് കൊള്ളാമോ എന്ന് നോക്കിയിട്ടു മാത്രമേ ആ ആളിന്റെ രക്തമെടുക്കുകയുള്ളൂ. ആ പ്രക്രിയകളെല്ലാം ചെയ്ത ഒരാളിനെ അവിടെ ചെന്നപ്പോൾ പെട്ടെന്നങ്ങടിക്കലായിരുന്നുവെന്നുപറഞ്ഞാൽ ആർക്കാണ് വിശ്വസിക്കാൻ കഴിയുക? ചെല്ലേണ്ട സ്ഥലത്താണോ രക്തമെടുക്കാൻ ചെന്നത്? അതോ റിസപ്ഷനിലാണോ രക്തമെടുക്കുന്നത്? അതൊന്നുമറിയാതെ ഈ കഥയുണ്ടാക്കിക്കൊണ്ട് ..... എല്ലാത്തിനും പുകമറ വ്യാപിപ്പിക്കുന്നപോലെ ഇതിനും മുഖ്യമന്ത്രി ഒരു കഥ പറഞ്ഞുവെന്നുമാത്രമേയുള്ളൂ. അവിടെ രക്തം എടുക്കുവാൻ പോകേണ്ടത് ഒ.പി.യിലാണ്. അവിടെ ചെല്ലാതെ മനഃപൂർവ്വം റിസപ്ഷനിൽ ചെന്നു സന്ദർശകർക്ക് പ്രവേശനമില്ലാത്ത സമയത്ത്, ഡോക്ടർമാർ റൗണ്ടിനുപോകുമ്പോൾ, അവിടെ ആരെയും പ്രവേശിപ്പിക്കുകയില്ല. ആ സമയത്തുതന്നെ ചെന്ന് മനഃപൂർവ്വം അവിടെ തള്ളിക്കയറി ഒരു സംഘർഷം ഉണ്ടാക്കുകയായിരുന്നു. ആ സംഘർഷത്തിന്റെ ഫലമാണ് അവിടെ സംഭവിച്ചതെല്ലാം. അതിൽ ആരോ പിടിച്ചുതള്ളി ശ്രീ. വർഗ്ഗീസിന് പരിക്കേറ്റു എന്നുപറഞ്ഞു. അത് സ്വാഭാവികം മാത്രമാണ്.

മി. സ്പീക്കർ : ഇതെല്ലാം പറഞ്ഞുകഴിഞ്ഞു.

ശ്രീ. കെ. നാരായണക്കുറുപ്പ് : എന്റെ ഭാഗംകൂടി പറയണ്ടേ? ഇത് ഒറ്റപ്പെട്ട സംഭവമല്ല. കത്തോലിക്കൻ സ്ഥാപനം ചങ്ങനാശ്ശേരിയിലെ കോളേജിൽ മാസങ്ങളായി അവിടെ നടത്തിയ കോലാഹലവും പേട്ടതുള്ളലും എന്തായിരുന്നു? അതുപോലെതന്നെ എസ്.ബി. കോളേജ്, സെന്റ്തോമസ് കോളേജ് തൃശ്ശൂർ. വ്യവസ്ഥാപിതമായ രീതിയിൽ പ്രത്യേക സമുദായക്കാരോട്, അവരുടെ സ്ഥാപനങ്ങളോട്, കാണിക്കുന്ന ഈ ക്രൂരത ന്യൂനപക്ഷ സമുദായങ്ങളെ സംരക്ഷിക്കലല്ലേ! ഞങ്ങളെപ്പോലെ ആരുണ്ട് സഹായിക്കുവാൻ, സംരക്ഷിക്കുവാൻ എന്നുപറഞ്ഞ ബഹു. മുഖ്യമന്ത്രിയുടെ ശബ്ദം ഇപ്പോഴും വായുവിൽ തങ്ങിനിൽക്കുന്നതേയുള്ളൂ. അത് അടിയുന്നതിനുമുൻപായി (ഇത് ദൈവകോപമാണ്). എന്താണ് സംരക്ഷണം? മറ്റുള്ളവരെ കാണിക്കുവാൻവേണ്ടിയുള്ള ഒരു സംഭവമായി ഇതിനെ നമുക്ക് എങ്ങനെ കണക്കാക്കുവാൻ കഴിയും? ആയിരക്കണക്കിന്, ലക്ഷക്കണക്കിന്, രൂപയുടെ നഷ്ടം വരുത്തക്ക രീതിയിൽ ആശുപത്രിയെ തല്ലിത്തകർക്കുകയാണ്. ആശുപത്രിയിൽ രോഗികളല്ലേ കിടക്കുന്നത്? അവിടെ ഒച്ചപ്പാടുണ്ടാക്കി തല്ലിത്തകർക്കുന്ന ആ മനോഭാവം കൈകാര്യം ചെയ്യുന്നവർ ആരായിരുന്നാലും അവർ മനുഷ്യരാ

LIBRARY ARCHIVES Kerala Legislative Assembly

ണോ? ഒരിക്കലുമല്ല. ഏറ്റവും കൂടുതൽ സമാധാനവും നിശബ്ദതയും ആവശ്യമുള്ള ആശുപത്രിയിൽ തല്ലിത്തകർക്കുന്നതിനുവേണ്ടി ഒരുപറ്റം ആളുകൾ ചെന്നുകയറി എന്നുപറയുന്നതുതന്നെ കുറ്റകരമല്ലേ? ആ കുറ്റകരമായ സംഭവത്തിന് മൂടുപടമിട്ടുകൊണ്ട് ഒരു മറുപടി പറഞ്ഞ് തൃപ്തിപ്പെടുത്തുവാൻ ശ്രമിക്കുന്നത് ശരിയല്ല. ഇതിനെപ്പറ്റി വളരെ വിശദമായി അന്വേഷിച്ച് കുറ്റക്കാരുടെ മേൽ നടപടി എടുക്കുകയും നഷ്ടപരിഹാരം ഉണ്ടാക്കിക്കൊടുക്കുകയും വേണം. ഇത് ആവർത്തിക്കാതിരിക്കുവാനുള്ള ശക്തമായ നീക്കവും വേണം. ഇന്നലത്തെ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞ നീക്കത്തെക്കാൾ വ്യവസ്ഥാപിതമായിട്ടുള്ള സത്യസന്ധമായ നീക്കം ഈ രാജ്യത്ത് ഉണ്ടാകണം. ആശുപത്രിയുടെ അനുഭവം ഇതാണെങ്കിൽ മറ്റുള്ള സ്ഥലങ്ങളിലെ അനുഭവം എന്തായിരിക്കുമെന്ന് ബഹു. മുഖ്യമന്ത്രി അറിയേണ്ടതാണ്. ഇതിന്മേൽ ചർച്ചചെയ്യണം. അതിന് അനുവദിക്കാത്തതുകൊണ്ട് ഞാനും എന്റെ പാർട്ടിയും ഈ സഭവിട്ടു പോകുന്നു.

(ശ്രീ. കെ. നാരായണക്കുറുപ്പും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ഇന്നലെ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ നടന്ന സംഭവങ്ങൾ ഈ സർക്കാരിന്റെ നയത്തിന് അനുകൂലമാണെന്നുള്ള നിലയിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സംസാരം കേട്ടപ്പോൾ എനിക്ക് തോന്നുന്നത്. കേരളത്തിലെ ക്രൈസ്തവരെ സംബന്ധിച്ച്, അക്രൈസ്തവരായിട്ടുള്ളവർപോലും കേരളത്തിലും കേരളത്തിനുപുറത്തും പറയുന്ന ഒരു സംഗതിയുണ്ട്; ആരോഗ്യ സംരക്ഷണരംഗത്തും വിദ്യാഭ്യാസരംഗത്തും അവർ നൽകിയിട്ടുള്ള വിലപ്പെട്ട സേവനങ്ങളെ സംബന്ധിച്ച്. ആ സേവനങ്ങളെ ആർക്കും കുറച്ചുകാണിക്കുവാൻ സാധിക്കുകയില്ല. കേരളത്തിൽ സാമാന്യബോധമുള്ള ഒരാളും അതിനെ കുറച്ചുകണ്ട് സംസാരിക്കുകയില്ല. ആശുപത്രിയിൽ ബൈബിളിന്റെ പ്രശ്നമാണ് വന്നത്. ശ്രീ. പി.സി. ജോർജ് അതിൽ രോഷം കൊള്ളുന്നതുകണ്ടു. ക്രൈസ്തവർ നടത്തുന്ന പ്രധാനപ്പെട്ട ആശുപത്രികളിൽ ഒക്കെ ചെന്നാൽ അവിടെ ഒരു ചാപ്പൽ ഉണ്ടാകും. അവിടെ യേശുക്രിസ്തുവുമായി ബന്ധപ്പെട്ട്, അല്ലെങ്കിൽ ബൈബിളുമായി ബന്ധപ്പെട്ട് പല ചിത്രങ്ങളും പല ലഘുലേഖനങ്ങളും ബൈബിളുകളും ഒക്കെ വയ്ക്കാറുണ്ട്. ഞാൻ ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ നിരവധി പ്രാവശ്യം പോയിട്ടുണ്ട്. ശ്രീ. പി.ജെ. ജോസഫും ഞാനും അവിടെ ഒരു ഫംഗ്ഷന് ഒരുമിച്ച് പോയിട്ടുണ്ട്. ശ്രീ. പി.സി. ജോർജ് അറിയുന്നതിനുവേണ്ടി പറയുകയാണ്. ആശുപത്രിയിലെ എല്ലാ വാർഡിലും ബൈബിൾ വച്ചിട്ടുണ്ട്. ശ്രീ. എസ്. ശർമ്മയ്ക്ക് അറിയാം. ബൈബിളുകൾ അവിടെ ഡിസ്പ്ലേ ചെയ്തിട്ടുണ്ട് ഇഷ്ടമുള്ളവർക്ക് നോക്കാം. ഇഷ്ടമുള്ളവർക്ക് വായിക്കാം. അക്രമിസംഘം അവിടെ കടന്നുകയറി അത് വലിച്ചെറിഞ്ഞു എന്ന് ശ്രീ. പി.ജെ. ജോയി പറഞ്ഞാൽ നിങ്ങൾ എന്തിനാണ് ബഹളമുണ്ടാക്കുന്നത്? അത് ശരിയോ തെറ്റോ എന്ന് അന്വേഷിക്കേണ്ടത് ആരാണ്? ഇത് ശരിയോ തെറ്റോ എന്ന് അന്വേഷിക്കേണ്ട ഉത്തരവാദിത്വം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്കുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി പി.ജെ. ജോസഫ് കൂടി കേൾക്കുവാൻ വേണ്ടി പറയുകയാണ്. അദ്ദേഹത്തിനോട് എനിക്ക് സ്നേഹമുണ്ട്. അദ്ദേഹം പറയട്ടെ ഫാദർ ആന്റണി പുന്നശ്ശേരി, ഫാദർ മാത്യൂ മുട്ടത്തൊട്ടി, ഫാദർ പോൾ കല്ലൂർ ഇവരെയൊക്കെ ഹൗസിന് അറിയാം ഫാദർ ആന്റണി ലിറ്റിൽഫ്ളവർ ആശുപത്രി ഡയറക്ടർ, ഫാദർ

LIBRARY ARCHIVES Kerala Legislative Assembly

മാത്യു വളരെ പ്രസിദ്ധമായ ലിസി ആശുപത്രിയിലെ ഡയറക്ടർ, ഫാദർ പോൾ അതിരൂപതയുടെ പ്രൊക്യൂറേറ്റർ. ഇവരാരും കളവുപറയുമെന്ന വിശ്വാസം എനിക്കില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞാലും ഞാനത് വിശ്വസിക്കുകയില്ല. അല്ലെങ്കിൽ ശ്രീ. പി.ജെ. ജോസഫ് പറയട്ടെ, അവർ കളവു പറയുന്നവരാണെന്ന്. ഇതിൽ രണ്ടുപേരുമായി ഞാൻ ഇന്നലെ ടെലിഫോണിൽ സംസാരിച്ചിരുന്നു. ഇന്നലെ നടന്ന അതിക്രമങ്ങളെ സംബന്ധിച്ച് അവിടെ കന്യാസ്ത്രീമാർക്കുനേരെ നടന്ന ആക്രമണങ്ങളെ സംബന്ധിച്ച്, അച്ചൻമാർക്കെതിരെ നടന്ന ആക്രമണങ്ങളെ സംബന്ധിച്ച് എന്തുമാത്രം തെറിയാണ് അവിടെ വിളിച്ചെതെന്ന് നിങ്ങൾ അന്വേഷിച്ചോ? അന്വേഷിക്കുമോ? ബഹു. മുഖ്യമന്ത്രിയോട് ഒരു കാര്യം, അങ്ങേയ്ക്ക് അറിയാമല്ലോ, അങ്ങ് അങ്കമാലിയിൽപ്പെട്ട ആളല്ലേ? ഫാദർ ആന്റണി പോലീസ് സ്റ്റേഷനിലേയ്ക്ക് പതിനൊന്നേകാലിന് ടെലിഫോൺ ചെയ്തു പറഞ്ഞു. എപ്പോഴാണ് പോലീസ് അവിടെ ചെന്നത്? പോലീസ് എത്തിയപ്പോൾ സമയം ഒന്നര. ലിറ്റിൽ ഫ്ളവർ ആശുപത്രിയിലും പോലീസ് സ്റ്റേഷനും തമ്മിൽ എത്ര ദൂരമുണ്ട് മുഖ്യമന്ത്രി? കൂടിവന്നാൽ 200 മീറ്റർ ദൂരം വരും. 200 മീറ്റർ ദൂരെ സ്ഥിതി ചെയ്യുന്ന പോലീസ് സ്റ്റേഷനിൽനിന്ന് ഒരു പോലീസ് ഫോഴ്സിന് ഈ ആശുപത്രിയിൽ അതിക്രമം നടക്കുമ്പോൾ അവിടെ വന്ന് നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? പെരുമ്പാവൂരിൽ നിന്ന് ഡിവൈ.എസ്.പി.എത്തി. അദ്ദേഹം നോക്കുകുത്തിയെപ്പോലെ കാത്തുനിന്നു; ശ്രീ. പി.പി. വർക്കി വരാൻവേണ്ടി. ആലുവാ എസ്. പി.ക്ക് ആലുവയിൽനിന്ന് അങ്കമാലിയിൽ എത്തുവാൻ എത്ര സമയംവേണം? 15 മിനിട്ടുവേണം പോലീസ് വണ്ടിയിൽ വരാൻ.

മി. സ്പീക്കർ : ഇതൊക്കെ പറഞ്ഞ കാര്യമാണ് എന്തിനാണ് ആവർത്തിക്കുന്നത്?

ശ്രീ. ടി.എം. ജേക്കബ് : ഇതൊക്കെ ആരും പറയാത്ത കാര്യമാണ്. അവിടെനിന്നും എസ്.പി. വന്നോ? വന്നില്ല. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. "ആവശ്യമുള്ളവർ മാർച്ചുനടത്തിക്കോ 40,000 പോലീസുണ്ട്, ഞാൻ എന്തുചെയ്യും, ഞങ്ങളോട് പറഞ്ഞുകൊണ്ടാണോ എല്ലാപേരും നടക്കുന്നത്". ഈ നയമാണ് പോലീസ് നിഷ്ക്രിയമായി നോക്കിനിൽക്കാൻ കാരണം.

ഇവിടെ മാർക്സിസ്റ്റ് പാർട്ടിക്ക് നിയമം കൈയിലെടുത്തുകൊണ്ട് തേർവാഴ്ച നടത്തുവാനുള്ള അവകാശം ആരെങ്കിലും കൊടുത്തിട്ടുണ്ടോ? ബഹു. മുഖ്യമന്ത്രി പറയണം. അങ്ങ് ഇവിടെ കേസ്സെടുത്ത ആളുകളുടെ പേര് പറഞ്ഞു. ശ്രീ. പി.ജെ. വർഗ്ഗീസ് അവിടെ ചെന്നു. ഏരിയാ കമ്മിറ്റി സെക്രട്ടറി. ഏരിയാ കമ്മിറ്റി സെക്രട്ടറിക്കെതിരെ കേസ്സില്ല. അവിടെ ചെന്ന് പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ നേതൃത്വം കൊടുത്ത ശ്രീ. ജോസഫിനെതിരെ കേസില്ല. കേസ്സിന്റെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ചാർജ്ജ് ചെയ്യുമ്പോൾ നിങ്ങൾ പരിശോധന നടത്തുക. ഈ അതിക്രമങ്ങൾക്ക് നേതൃത്വം കൊടുത്തുവെന്ന് അതിന്റെ ഡയറക്ടർ അടക്കമുള്ള ആളുകൾ പറഞ്ഞാൽ, മാർക്സിസ്റ്റ് പാർട്ടിയുടെ അറിയപ്പെടുന്ന ആർക്കും എതിരെ കേസ്സില്ല. ആശുപത്രി ജീവനക്കാർക്കെതിരെ കേസ്സ്. നേതൃത്വം കൊടുത്ത പാർട്ടി നേതാക്കന്മാർക്കെതിരെ കേസ്സില്ല. കണ്ടാലറിയാവുന്ന ആളുകൾക്കെതിരെ കേസ്സെടുക്കുന്ന ബഹു. മുഖ്യമന്ത്രി ഈ രാജ്യത്തെ ജനങ്ങളോട് കാണിക്കുന്ന ഭയങ്കരമായ വെല്ലുവിളിയാണ്. നിങ്ങൾക്ക് ഇഷ്ടമില്ലാതെ എഴുതിയാൽ പത്രക്കാരെ നിങ്ങൾ തല്ലും, കൊല്ലും. 'ദീപിക' പത്രം നിങ്ങൾക്ക് ഇഷ്ടമില്ലാത്ത പത്രമായിരിക്കാം. പത്ര

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തകർ മുഴുവൻ പ്രതിഷേധിച്ചിട്ടുണ്ട്. 'ദേശാഭിമാനിയിലെ വാർത്തകളോട് ഞങ്ങൾക്ക് വിയോജിപ്പുണ്ട് എന്നു വച്ചു ഞങ്ങളാരും ദേശാഭിമാനിയിലെ ലേഖകരെ തല്ലാൻ പോകാറില്ല. തല്ലുന്നത് ഞങ്ങളുടെ സംസ്കാരവുമല്ല. ഒരു വാർത്ത പ്രസിദ്ധീകരിച്ചാൽ അതു പ്രസിദ്ധീകരിക്കുന്ന പത്രപ്രവർത്തകനെ തല്ലിയൊതുക്കുന്ന ഒരു നയം സ്വീകരിക്കുന്ന പാർട്ടിക്കാർക്ക് അതിനു കൂട്ടു നിൽക്കുന്ന പോലീസും ആണുള്ളത്. ഈ രാജ്യത്ത് നിയമവാഴ്ചയുണ്ടോ? ഈ രാജ്യത്ത് നീതിയുണ്ടോ; ഈ രാജ്യത്ത് സാധാരണക്കാരന് ജീവിക്കാനുള്ള സാഹചര്യമുണ്ടോ? ഇതിനൊന്നും പരിഹാരം സൃഷ്ടിക്കാതെ നിങ്ങൾ നടത്തുന്ന ഈ സമീപനം, ഈ നടപടികളെ വകുപ്പുമന്ത്രി തികച്ചും ന്യായീകരിച്ചത്, തെറ്റായിപ്പോയി. ഒരിക്കലും ചെയ്യാൻ പാടില്ലാത്ത ഒരു സംഗതിയാണത്. ആശുപത്രിയിലുണ്ടായ നാശനഷ്ടങ്ങൾക്ക് മുഴുവൻ ഉത്തരവാദിത്വവും നിങ്ങൾക്കാണ്. അഞ്ചുലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് ആശുപത്രി അധികൃതർ പറയുന്നത്. പ്രസവവാർഡിനെതിരേ, ഒ.പി. ബ്ലോക്കിനെതിരെ, ഒക്കെ ആക്രമം നടന്നു അവിടത്തെ പൈപ്പു ലൈൻ അടിച്ചു പൊട്ടിച്ച്, ആശുപത്രിയിൽ കിടക്കുന്ന ആയിരത്തോളം രോഗികൾക്ക് വെള്ളം നിഷേധിച്ച ക്രൂരതക്കെതിരെ നടപടി സ്വീകരിക്കാൻ വൈമുഖ്യം കാണിക്കുന്ന ഈ സർക്കാരിന്റെ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തു പോയി)

III. ശ്രദ്ധക്ഷണിക്കൽ

മി. സ്പീക്കർ : ഇതിലൊരു സംഗതിയുള്ളത്, കാളിംഗ് അറ്റൻഷനാകുമ്പോൾ പൊതുവിൽ എല്ലാ വിഷയവും വരാറുണ്ട്. പക്ഷേ നിയോജകമണ്ഡലങ്ങളുമായി ബന്ധപ്പെട്ടു വരുന്ന കാര്യങ്ങളിൽ നമുക്കതു വേർതിരിച്ചറിയാൻ പറ്റില്ലേ? അതെഴുതിത്തരുന്നവർ ശ്രദ്ധിക്കണം. അങ്ങെഴുതിത്തന്ന പല കാര്യങ്ങളും ശ്രീ. വർഗ്ഗീസ് വൈദ്യർ എഴുതിത്തന്നിട്ടുണ്ട്. പക്ഷെ അതനുവദിക്കാൻ പറ്റില്ല. അദ്ദേഹത്തിന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ വരുന്ന ബാണാസുരസാഗർ, ചുണ്ടേൽപ്പൂഴ എന്നിങ്ങനെയുള്ള കാര്യങ്ങൾ എഴുതിത്തന്നിട്ടുണ്ട്. അതുകൊണ്ട് അംഗങ്ങൾ ശ്രദ്ധിക്കാൻവേണ്ടി പറയുയാണ്. ഒരു കാളിംഗ് അറ്റൻഷനായി അദ്ദേഹം ഇവിടെ എഴുതിതന്നു. പക്ഷേ അനുവദിക്കാൻ പറ്റില്ല.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : വയനാട് ജില്ലയിലെ കാര്യങ്ങളൊന്നും പറയാൻ പറ്റില്ലെന്നാണോ? ജനങ്ങളെ ബാധിക്കുന്ന കാര്യങ്ങൾ ഇവിടെ പറയണ്ടേ?

മി. സ്പീക്കർ : പറയണം. അവിടത്തെ ഒരു എം.എൽ.എ.യുമുണ്ട്.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : എനിക്കു പറയേണ്ടത് എനിക്കു പറയണം. എന്റെ കാഴ്ചപ്പാടിലായിരിക്കുകയല്ല അദ്ദേഹം പറയുന്നത്. എന്റെ കാഴ്ചപ്പാട് വ്യത്യസ്തമായിരിക്കും. സ്റ്റേറ്റിലെ ഇഷ്യൂ പറയുന്നുണ്ട്.

മി. സ്പീക്കർ : സ്റ്റേറ്റിലെ ഇഷ്യൂ പറയാം.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : ജില്ലയിലെ ഇഷ്യൂവും പറയാം.

LIBRARY ARCHIVES Kerala Legislative Assembly